LIBRARY ARCHIVES Kerala Legislative Assembly

മയക്കുമരുന്ന് ഉപയോഗവും വിപണനവും

195 (1900) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം; വിപണനം എന്നിവ സംബന്ധിച്ച കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) മയക്കുമരുന്ന് ഉപയോഗവും വിപണനവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മയക്കു മരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇന്റർനെറ്റ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മയക്കുമരുന്ന് ഉപയോഗം, വിപണനം എന്നിവ നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വഴി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വിപണനവും നടത്തുന്നവരെ കുറിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുംവേണ്ടി സ്പെഷൽ സ്ക്വാഡിൽ സജീവമായി പ്രവർത്തിക്കുന്ന എസ്.പി.സി., എസ്.പി.ജി. എന്നിവയിലെ അംഗങ്ങളെ ബോധവത്ക്കരിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളും മറ്റും നിരീക്ഷിച്ചും റെയ്ഡുകൾ നടത്തിയും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റിപ്പോർട്ട് ചെയ്യപ്പെട്ട വാഹനാപകടങ്ങൾ

196 (1901) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട വാഹനാപകടങ്ങൾ എത്ര ; അതിൽ മരണപ്പെട്ടവർ എത്ര ;